ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ:10385/എം.എ.ഇ.2/2020/നി.സെ.

തിരുവനന്തപുരം,
19..03..2024.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റലിലെ പെരിയാർ, നിള ബ്ലോക്കുകളിലായി സ്ഥാപിച്ചിരിക്കുന്ന 3 ഹോട്ട് & കോൾഡ് വാട്ടർ പ്യൂരിഫയറുകളും, നിള ബ്ലോക്കിലെ ക്ലിനിക്കുകളിൽ സ്ഥാപിച്ചിരിക്കുന്ന 3 വാട്ടർ പ്യൂരിഫയറുകളും ഉൾപ്പെടെയുള്ള മെഷീനുകളുടെ വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതിന് [Comprehensive AMC-യുടെയും Labour AMC -യുടെയും നിരക്കുകൾ പ്രത്യേകമായി സൂചിപ്പിച്ച്] താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

കരാറിൽ ഏർപ്പെടുന്നവർ യഥാസമയം മെഷീനുകളുടെ സർവ്വീസുകൾ നടത്തേണ്ടതും ഈ സെക്രട്ടേറിയറ്റ് നിർദ്ദേശിക്കുന്നതനുസരിച്ച് കേടായ യന്ത്ര ഭാഗങ്ങൾക്കു പകരം തനതായ യന്ത്രഭാഗങ്ങളുടെ വിതരണവും സ്പെയർ പാർട്ടുകളുടെ പുനസ്ഥാപനവും നടത്തേണ്ടതുമാണ്.

ക്വട്ടേഷനുകൾ 27..03..2024-ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് "നിയമസഭാ ഹോസ്റ്റലിലെ വാട്ടർ പ്യൂരിഫയറുകളുടെ AMC കരാറിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

01..04..2024-ന് രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്. ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് പരിശോധിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ഒന്നിലധികം വ്യക്തികൾ/ സ്ഥാപനങ്ങൾ ഒരേ തുക ക്വാട്ട് ചെയ്താൽ അവരെ മാത്രം ഉൾപ്പെടുത്തികൊണ്ടുള്ള നറുക്കിലൂടെ കരാർ സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ, ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

സുനിൽ കുമാർ.എസ്,
എസ്റ്റേറ്റ് ഓഫീസർ,
നിയമസഭാ ഹോസ്റ്റൽ.